**കേരള സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## <u>വിജ്ഞാപനം</u>

## <u>കീം - 2025</u>

## <u>2025 – ലെ ആർക്കിടെക്ചർ റാങ്കിന് പരിഗണിക്കുന്ന യോഗ്യതാപരീക്ഷയുടെ മാർക്കും/ NATA സ്കോറും പരിശോധിക്കുന്നതിനും അപാകത പരിഹരിക്കുന്നതിനും അവസരം</u>

2025 – ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച യോഗ്യതാ പരീക്ഷയുടെ മാർക്കും NATA സ്കോറും സൂക്ഷ്മപരിശോധനയ്ക്കുശേഷം വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

മേൽപ്പറഞ്ഞ വെബ്സൈറ്റിലെ **'KEAM 2025-Candidate Portal'** എന്ന ലിങ്കിലൂടെ **16.07.2025, രാത്രി 11.59 PM** വരെ വിദ്യാർത്ഥികൾക്ക് മാർക്ക്/NATA സ്കോർ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്. വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM 2025 Candidate Portal'** എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾ അവരുടെ അപേക്ഷാ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Mark Verification for Architecture Rank'** എന്ന മെനു ക്ലിക്ക് ചെയ്ത് <u>യോഗ്യതാ പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും കൂടി ലഭിച്ച മാർക്ക്, ആകെയുള്ള പരമാവധി മാർക്ക് എന്നിവ വെബ്പേജിൽ കാണിച്ചിട്ടുള്ള പ്രകാരം ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്</u>.

- വെബ്പേജിൽ കാണിച്ചിട്ടുള്ള യോഗ്യതാപരീക്ഷയുടെ മാർക്ക് NATA സ്കോർ വിവരങ്ങൾ ശരിയാണെങ്കിൽ ഓരോന്നിനും നേരെയുള്ള **'No Change'** ബട്ടൺ ക്ലിക്ക് ചെയ്ത് ശേഷം **'Verified and Found correct'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്.
- വെബ്സൈറ്റിൽ കാണിച്ചിട്ടുള്ള മാർക്ക് NATA സ്കോർ വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു/വിവരങ്ങൾക്ക് നേരെയുള്ള **'Change Required'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തുടർന്ന് **'Verified and found Mismatch'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനുശേഷം തിരുത്തലുകളെ സാധൂകരിക്കുന്ന മാർക്ക് ലിസ്റ്റിന്റെ pdf ഫയൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- വെബ്സൈറ്റിൽ നൽകിയിരിക്കുന്ന യോഗ്യതാപരീക്ഷയുടെ മാർക്ക് സംബന്ധിച്ച വിവരങ്ങളിൽ തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു/വിവരങ്ങൾക്ക്

നേരെയുള്ള **'Change Required'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തുടർന്ന് **'Verified and found Mismatch'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനുശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന മാർക്ക് ലിസ്റ്റിന്റെ pdf ഫയൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

- മാർക്കിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുകൊണ്ട് തപാലിലോ, നേരിട്ടോ, ഇമെയിൽ/ഫാക്സ് മുഖേനയോ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിലോ NATA സ്കോർ കാർഡിലോ അപാകതകൾ ഉണ്ടായിരുന്നവർക്ക് അവരുടെ മാർക്കുകൾ/ NATA സ്കോർ പരിശോധനാവേളയിൽ ദൃശ്യമാകുന്നതല്ല. അത്തരക്കാർ ആവശ്യമായ, അപാകത ഇല്ലാത്ത വ്യക്തമായ മാർക്ക് ലിസ്റ്റുകൾ/ NATA സ്കോർ കാർഡ് വെബ്പേജിലൂടെ നിശ്ചിത സമയത്തിനകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം വിദ്യാർത്ഥികളുടെ നിലവിൽ ലഭ്യമായ മാർക്കുകൾ അതേപടി റാങ്കിനായി പരിഗണിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികളുടെ റാങ്ക് തടഞ്ഞുവയ്ക്കുന്നതാണ്.
- **16.07.2025 , രാത്രി 11.59 PM വരെ** ലഭിക്കുന്ന മാർക്ക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2025 ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. മാർക്ക് വിവരങ്ങൾ ഓൺലൈനായി പരിശോധിച്ച് ഉറപ്പ് വരുത്താത്ത വിദ്യാർത്ഥികളുടെയും, തിരുത്തലുകൾ ആവശ്യമുള്ള പക്ഷം അവ വരുത്താത്തവരുടെയും നിലവിൽ സമർപ്പിച്ചിട്ടുള്ള മാർക്കുകൾ അതേപടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>**

- NATA യിൽ നിന്നും ലഭിച്ച Valid Score അപേക്ഷകർ വീണ്ടും പരിശോധിക്കേണ്ടതും Update ചെയ്തിട്ടുള്ള സ്കോർ/സ്കോർ കാർഡ് തന്നെയാണ് സമർപ്പിച്ചിരിക്കുന്നത്/അപ്‌ലോഡ് ചെയ്തിരിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്.
- റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണിക്കപ്പെട്ട മാർക്കുകൾ, NATA സ്കോർ എന്നിവ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും ഈ വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം കാണുന്ന പക്ഷം അത്തരം വിദ്യാർത്ഥികൾ പ്രവേശനത്തിന് അയോഗ്യരാകുന്നതുമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

Signed by Arun S Nair
Date: 14-07-2025 17:57:28

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
14-07-2025